## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4857** **27/10/2016 ൽ മറുപടി**

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. ചിറയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. ഇ.കെ.വിജയൻ | | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ അക്കാദമികമായും, ഭൗതികമായും, സാമൂഹ്യ പങ്കാളിത്തപരമായുള്ള മികവ് കൈവരിക്കുകയും വിദ്യാർത്ഥികേന്ദ്രീകൃത അദ്ധ്യയനത്തിലൂടെ ആകർഷകവും ഫലപ്രദവുമാക്കുകയും അപ്രകാരം വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയുമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം. |
| (ബി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പശ്ചാത്തല - പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഠനം കൂടുതൽ ഫലപ്രദമാക്കുന്നതിനും, ഐ.സി.റ്റി. അധിഷ്ഠിതമായി പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിനും, സാമൂഹ്യ ഇടപെടലുകളോടെ പിന്തുണാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഒൻപതാം ക്ലാസ് വിദ്യാർത്ഥികളുടെ ശാസ്ത്രം, ഗണിതം, മാതൃഭാഷ എന്നീ വിഷയങ്ങളിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 'നവപ്രഭ' എന്ന ഒരു പ്രത്യേക പദ്ധതി ആർ.എം.എസ്.എ. വഴി നടപ്പാക്കിവരുന്നു. കുട്ടികളിൽ ശാസ്ത്ര, ഗണിതശാസ്ത്ര ആഭിമുഖ്യം വളർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിനുപുറത്ത് ദേശീയ പ്രാധാന്യമുള്ള ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് ആയിരം കുട്ടികൾക്ക് അവസരം നൽകുക. ഇത്തരത്തിൽ സംസ്ഥാനത്തിനകത്ത് ശാസ്ത്ര ഗവേഷണ പ്രാധാന്യമുള്ള |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് പതിനായിരം കുട്ടികൾക്ക് അവസരം നൽകുന്നുണ്ട്. സയൻസ്, ഗണിതശാസ്ത്ര പഠനം മെച്ചപ്പെടുത്തുന്നതിന് എസ്.ഐ.ഇ.ടി. കേരളയുടെ സഹായത്തോടെ ഇ-ലേണിങ് മെറ്റീരിയലുകളും മറ്റ് സഹായക ഉപകരണങ്ങളും നൽകുക. എല്ലാ സർക്കാർ സ്കൂളുകൾക്കും 15,000 രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുക. കുട്ടികൾക്ക് യോഗ പരിശീലനം നൽകുന്നതിന്റെ ഭാഗമായി സ്പോർട്സ് കൗൺസിലുമായി ചേർന്ന് എല്ലാ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്കും അഞ്ചു ദിവസത്തെ യോഗ പരിശീലനം നൽകുക. പ്രഥമാദ്ധ്യാപകരുടെ ശേഷി വികസനത്തിന്റെ ഭാഗമായി ദേശീയതലത്തിൽ NUEPA നടപ്പാക്കുന്ന സ്കൂൾ ലീഡർഷിപ്പ് ഡവലപ്പ്മെന്റ് പ്രോഗ്രാം 500 പ്രഥമാദ്ധ്യാപകർക്ക് നൽകുന്നതാണ്. പാഠഭാഗത്തിലെ കാഠിന്യമേഖലകൾ ആയാസരഹിതമാക്കുന്നതിനായി നിരന്തര മൂല്യനിർണ്ണയം, പാഠാസൂത്രണം എന്നിവയിൽ 3 ദിവസത്തെ ക്ലസ്റ്റർ പരിശീലനം അദ്ധ്യാപകർക്ക് നൽകുക. ലാബ് ശാക്തീകരണം, ലൈബ്രറി വികസനം, ക്ലാസ് മുറികൾ ആകർഷകമാക്കൽ, വർക്ക് എക്സ്പീരിയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നിവയുടെ പരിപോഷണത്തിന് ആവശ്യമായ വസ്തുക്കൾ ഉറപ്പുവരുത്തൽ, ഐ.സി.റ്റി. ലാബിലെ അനുബന്ധ സൗകര്യം ഒരുക്കൽ, ജൈവപച്ചക്കറി കൃഷിക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കും 50,000 രൂപ സ്കൂൾ ഗ്രാന്റായി ലഭ്യമാക്കും. കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരമൊരുക്കുക, സ്കൂൾ ലൈബ്രറികളിലേക്ക് അവശ്യം വേണ്ട പുസ്തകങ്ങൾ ലഭ്യമാക്കുക എന്നിവക്കായി എല്ലാ ജില്ലകളിലും ഓരോ ബുക്ക് ഫെയർ സംഘടിപ്പിക്കും. പെൺകുട്ടികളുടെ ശാക്തീകരണത്തിനായി എല്ലാ ജില്ലകളിലും 2 ദിവസത്തെ ക്യാമ്പ് സംഘടിപ്പിക്കും. എസ്.സി/എസ്.റ്റി. കുട്ടികൾക്ക് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽ വിവിധ മേഖലകളിൽ പരിശീലനം നൽകും. പെൺകുട്ടികളുടെ സ്വയം പ്രതിരോധശേഷി വികസനത്തിന്റെ ഭാഗമായി കളരി, കരാട്ടേ, തുടങ്ങിയ ആയോധന കലകളിൽ പരിശീലനം നൽകും. ഇന്ററാക്ടീവ് റേഡിയോ പ്രോഗ്രാമിന്റെ ഭാഗമായി ആകാശവാണി യുമായി ചേർന്ന് പ്രത്യേക വിദ്യാഭ്യാസ പരിപാടി നടപ്പാക്കും. ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ 14 സ്കൂളുകളിൽ പരീക്ഷണ അടിസ്ഥാനത്തിൽ 'ശാലാ ദർപ്പൺ' എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ അൺ എയ്ഡഡ് - സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് കിടപിടിക്കത്തക്ക തരത്തിൽ മാറ്റിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | അൺ എയ്ഡഡ്-സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കതീതമായി ഉയർന്ന നിലവാരം പുലർത്തുന്നതിനും, പഠനം ഉറപ്പാക്കുന്നതരത്തിലുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിദ്യാലയങ്ങളെ ഉത്കൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് ആയതിലേയ്ക്കായി അക്കാദമികമായും, ഭൗതികമായും മറ്റുമുള്ള നവീകരണ പദ്ധതികളുടെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ ഘടന, ബയോഡൈവേഴ്സിറ്റി പാർക്ക്, കലാസാം സ്കാരിക പാർക്ക്, ഹൈടെക്ക് ക്ലാസ് റൂം തുടങ്ങിയവയും പ്രൈമറി സ്കൂളുകളിലെ ഇംഗ്ലീഷ് പഠനം ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര പദ്ധതി തുടങ്ങിയവക്ക് തുടക്കംകുറിച്ചിട്ടുണ്ട്. വിദ്യാർത്ഥികേന്ദ്രീകൃതമായ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാർത്ഥി കളുടെ ബഹുമുഖമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുതകുന്നതരത്തിൽ ഓരോ നിയോജകമണ്ഡലത്തിലും ഓരോ വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് കലാകായിക രംഗങ്ങളിലുള്ള കഴിവുകൾ വളർത്തിയെടുക്കുന്നതിനുതകുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, വ്യക്തിഗത കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി നൈപുണ്യ കേന്ദ്രം സജ്ജീകരിക്കുന്നതിനും സ്കൂൾ ലബോറട്ടറികൾ നവീകരിക്കുന്നതിനും അദ്ധ്യാപക ശാക്തീകരണത്തിനും ഐ.സി.ടി. |

| | | | |
|---|---|---|---|
| | | | അടിസ്ഥാനപ്പെടുത്തിയുള്ള പഠനം ശക്തിപ്പെടുത്തുന്നതിനും വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. |
| (ഡി) | പൊതുവിദ്യാലയങ്ങളോട് പുറംതിരിഞ്ഞ് നിൽക്കുന്ന സമൂഹത്തിലെ മധ്യവർഗ്ഗത്തിനെ പൊതുവിദ്യാലയങ്ങളിലേക്ക് തിരികെ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുമോയെന്നറിയിക്കുമോ; | (ഡി) | ഉണ്ടാകും. |
| (ഇ) | ആഗോള ഭാഷയായ ഇംഗ്ലീഷ് ഫലപ്രദമായി പഠിപ്പിക്കുന്നതിൽ പൊതു വിദ്യാലയങ്ങൾ പിന്നോക്കമാണ് എന്ന ആക്ഷേപം കണക്കിലെടുത്ത് ഇംഗ്ലീഷ് അധ്യാപനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഫലപ്രദമാക്കുന്നതിനുമായി കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നതിന്റെ ഭാഗമായി പ്രൈമറി മേഖലയിലെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടി ആവിഷ്കരിച്ച് കഴിഞ്ഞിട്ടുണ്ട്. ഇംഗ്ലീഷ് വായനാ മെറ്റീരിയൽ തയ്യാറാക്കൽ, ഇംഗ്ലീഷ് ക്യാമ്പുകൾ സംഘടിപ്പിക്കൽ, ഡിജിറ്റൽ ടെക്സ്റ്റ്, മൾട്ടിമീഡിയ ക്ലാസ് റൂമുകൾ, വർക്ക് ഷീറ്റുകൾ, ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഇംഗ്ലീഷ് ഫെസ്റ്റ്, ബ്ലോഗുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ